സർക്കാർ അനുമതിയില്ലാതെ അവധിയിൽ പ്രവേശിക്കുന്നവർക്കും അവധി ദീർഘിപ്പിച്ചു കിട്ടാതെ അവധിയിൽ തുടരുന്നവർക്കും എതിരെ അച്ചടക്ക നടപടി സ്വീകരിച്ചു സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ കെ.എസ്.ആർ.-ലെ അവധി ചട്ടങ്ങളിൽ തന്നെ നിഷ്കർഷിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ അവധിയിൽ തുടരുന്നവർ കോടതി പരാമർശത്തിന്റെ പരിധിയിൽ പെടുന്നില്ല.

(സി) സർക്കാർ ജീവനക്കാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്ത ശേഷമേ വിദേശത്ത് ജോലിക്കായി അവധി അനുവദിക്കുകയുള്ളൂ എന്ന നിയന്ത്രണമുണ്ട്.

(ഡി) നിലവിലുള്ള സമ്പ്രദായത്തിനെതിരായി കോടതി പരാമർശം നടത്തിയിട്ടില്ലാത്തതിനാൽ മാറ്റമില്ലാതെ തുടരും.

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസം

11(1248) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപടികൾ പൂർത്തിയാക്കിയ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ട്രൈബ്യൂണൽ എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 26-8-2010-ന് നിലവിൽ വന്നതായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ട്രൈബ്യൂണൽ പ്രവർത്തനത്തിനാവശ്യമായ ഓഫീസ്, കോർട്ട് ഹാൾ എന്നിവ സജ്ജമാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരികയാണ്. ഓഫീസ് പ്രവർത്തന സജ്ജമാകുന്ന മുറക്ക് ട്രൈബ്യൂണൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സഹകരണ സംഘങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

12(1249) ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം സഹകരണ സംഘങ്ങൾ 'പബ്ലിക് അതോറിറ്റി'-യുടെ നിർവ്വചനത്തിൽ വരാത്തതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വിവരാവകാശ നിയമപ്രകാരമുള്ള കാര്യങ്ങൾ നൽകാൻ ബാധ്യതയില്ല എന്ന കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സഹകരണ സംഘങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly